**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3566** **26-10-2021 - ൽ മറുപടിയ്ക്ക്**

**സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഇംപ്രൂവ്മെന്റ് പരീക്ഷാഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പ്രവേശന പരീക്ഷ മാർക്കിനോടൊപ്പം പ്ലസ് ടു മാർക്ക് ചേർക്കുന്നതുമായി ബന്ധപ്പെട്ട ഹർജി ഹൈക്കോടതി തള്ളിയതോടെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകാർ പ്രയാസത്തിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി.ബി.എസ്.ഇ സ്കീമിൽ പഠിച്ച വദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സിലബസുകളിൽ പത്താം ക്ലാസ്സിലെയും പതിനൊന്നാം ക്ലാസ്സിലെയും മാർക്കുകൾകൂടി പരിഗണിച്ച ഫലപ്രഖ്യാപനം നടത്താനുള്ള സ്കീമിന് സുപ്രീംകോടതി അനുമതി നൽകിയിരുന്നോ; ഇത് തൃപ്തികരമല്ലാത്തവർക്ക് ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതാൻ അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) | സുപ്രീംകോടതി അനുമതി നൽകിയിട്ടുണ്ട്. |
| (സി) | സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് വെബ്സൈറ്റിൽ പ്ലസ് ടു വിന്റെ മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള സമയം 17/09/2021 ന് അവസാനിച്ചിരിക്കെ വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ? | (സി) | 30.09.2021 ന് ഇംപ്രൂവ്മെന്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 01.10.2021 മുതൽ 03.10.2021 വരെ ഇപ്രൂവ്മെന്റ് മാർക്ക് അപ് ലോഡ് ചെയ്യാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകിയിരുന്നു. 07.10.2021 ന് എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. |

സെക്ഷൻ ഓഫീസർ